بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 18-10-2024 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## മസ്ജിദ് ഫസലിന്റെ ശതവാർഷിക ജൂബിലിയോടനുബന്ധിച്ച് അതിന്റെ ഹ്രസ്വചരിത്രം:

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

മസ്ജിദ് ഫസ്ൽ ലണ്ടനിന് നൂറു വർഷം പൂർത്തിയാകുന്ന അവസരത്തിൽ അമുസ്‌ലിങ്ങളെയും അയൽക്കാരെയെല്ലാം ക്ഷണിച്ചുകൊണ്ട് നാളെ ഒരു പരിപാടി നടത്തുന്നുണ്ട്. ക്രിസ്തുമതത്തിന്റെ ഈറ്റില്ലത്തിൽ തന്നെ നിർമ്മിക്കപ്പെട്ട ആദ്യത്തെ പള്ളിയായത് കൊണ്ടും ഈ പള്ളിയിൽ നിന്ന് യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം വിപുലമായ രീതിയിൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കപ്പെട്ടത് കൊണ്ടും മസ്ജിദ് ഫസലിന് ഒരു ചരിത്രപ്രധാന്യമുണ്ട്.

ഇന്ന് നമ്മുടെ എതിരാളികൾ അഹ്മദിയ്യ ജമാഅത്ത് ബ്രിട്ടീഷുകാർ നട്ട ചെടിയാണ് എന്ന് ആരോപിക്കുന്നു. എന്നാൽ അവർ നട്ട ഈ ചെടി തന്നെയാണ് പാശ്ചാത്യരുടെ തെറ്റുകളെയും കുറവുകളെയും അവരുടെ രാജ്യത്ത് നിന്ന്കൊണ്ട് തന്നെ അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങളെ പ്രചരിപ്പിക്കുകയും ചെയ്യുന്നത്.

മസ്ജിദ് ഫസ്ൽ നിർമ്മിക്കുന്നതിന് മുൻപ് വോക്കിങ്ങ് എന്ന സ്ഥലത്ത് ഒരു മസ്ജിദ് നിർമ്മിക്കപ്പെട്ടിരുന്നു. ലാഹോർ ഓറിയന്റൽ കോളേജിൽ പ്രിൻസിപ്പാൾ ആയിരുന്ന പ്രശസ്ത പൗരസ്ത്യൻ G.W.ലയിറ്റ്ർ ആണ് റിട്ടയർ ആയി ഇംഗ്ലണ്ടിൽ വന്നതിന് ശേഷം 1889 ലാണ് ഒരു പള്ളി പണി കഴിപ്പിക്കുന്നത്. യാദൃശ്ചികമായി 1889ൽ തന്നെയാണ് അഹ്മദിയ്യ ജമാഅത്ത് ആരംഭിക്കുന്നത്. 1899ൽ ഈ പ്രൊഫസ്സർ വഫാത്തായി. അങ്ങനെ ഈ പള്ളി താഴിടപ്പെട്ട അവസ്ഥയിലായി. പിന്നീട് ഈ പള്ളിയെ സംരക്ഷിക്കാൻ ആരുമില്ലാതായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ കാലഘട്ടത്തിൽ ഖാജാ കമാലുദ്ദീൻ സാഹിബ് ഇവിടെ വന്നിരുന്നു. അദ്ദേഹം ഈ പള്ളി തുറന്ന് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുകയും അതിൽ വിജയിക്കുകയും ചെയ്തു. അദ്ദേഹം ഖലീഫത്തുൽ മസീഹ് അവ്വലിന് ഇപ്രകാരം എഴുതി: ഈ പള്ളിക്ക് വേണ്ടി ഇപ്പോൾ ഒരു ട്രസ്റ്റ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ മേൽനോട്ടക്കാരനായി എന്നെ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ ഈ പള്ളിയിൽ ആരാധന പുനരാംഭിച്ചിരിക്കുകയാണ്. ഈ പള്ളി രണ്ടാമതും തുറക്കപ്പെട്ടപ്പോൾ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ കൂടെ ഹദ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബും ഉണ്ടായിരുന്നു. അദ്ദേഹം അവിടെ നഫൽ നമസ്കരിക്കുകയും ധാരാളം ദുആ ചെയ്യുകയും ചെയ്തു.

അതിന് ശേഷം ഇവിടേക്ക് മുബല്ലിഗീങ്ങളെ അയക്കണമെന്ന് ആഹ്വാനം ചെയ്തിരുന്നു. പണം വളരെ കുറവായിരുന്നിട്ടും ഇവിടേക്ക് ഹദ്റത്ത് ഫതഹ് മുഹമ്മദ് സിയാൽ സാഹിബ്(റ)നെ അയക്കുകയുണ്ടായി. അദ്ദേഹം ഖാജാ കമാലുദ്ദീൻ സാഹിബിനോടൊത്ത് ഇവിടെ പ്രവർത്തിക്കാൻ തുടങ്ങി. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ വഫാത്തിന് ശേഷം ഖാജാ കമാലുദ്ദീൻ സാഹിബ് രണ്ടാം ഖിലാഫത്തിൽ ബൈഅത്ത് ചെയ്യാതിരുന്നപ്പോൾ ഹദ്റത്ത് ഫതഹ് മുഹമ്മദ് സിയാൽ സാഹിബ്(റ) ഖാജാ കമാലുദ്ദീൻ സാഹിബിന്റെ സഹവാസം ഉപേക്ഷിച്ച് മറ്റൊരു സ്ഥലത്തേക്ക് പോയി. ഇത് വോക്കിങ്ങിലെ പള്ളിയെ കുറിച്ചാണ് പറഞ്ഞുവന്നത്. എന്നാൽ ഏതെങ്കിലും ഒരു മുസ്‌ലിം കക്ഷി അല്ലെങ്കിൽ മുസ്‌ലിം ജമാഅത്തിന്റെ ഭാഗത്ത് നിന്ന് നിർമിക്കപ്പെട്ട ആദ്യത്തെ മസ്ജിദ് മസ്ജിദ് ഫസ്ൽ തന്നെയാണ്. ഇന്ന് ഇംഗ്ളണ്ടിലും ലണ്ടനിലും മറ്റു പാശ്ചാത്യ രാജ്യങ്ങളിലും മുസ്‌ലിങ്ങളുടെ ധാരാളം പള്ളികളുണ്ട്. എന്നാൽ ലണ്ടനിൽ നിർമ്മിക്കപ്പെട്ട മുസ്‌ലിങ്ങളുടെ ആദ്യത്തെ മസ്ജിദ് എന്ന കീർത്തി മസ്ജിദ് ഫസലിന് തന്നെയാണ്.

ജമാഅത്തിന്റെ ഒരു പ്രത്യേകത എന്തെന്നാൽ ജമാഅത്തിന്റെ മസ്ജിദുകൾ എല്ലാം തന്നെ ജമാഅത്തംഗങ്ങൾ ത്യാഗം ചെയ്ത് നല്കുന്ന ചന്ദകളാൽ നിർമ്മിക്കപ്പെടുന്നവയാണ്. ഇപ്പോൾ ഇംഗ്ലണ്ടിലും ജമാഅത്തിൻറെ ഡസൻ കണക്കിന് പള്ളികൾ ഉണ്ട്. ഇന്ന് ഞാൻ മസ്ജിദ് ഫസ്‌ലിനെ കുറിച്ച് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പടിഞ്ഞാറൻ രാജ്യങ്ങളിൽ ഇസ്‌ലാം പ്രചരിക്കുന്നതിനെ കുറിച്ച് ധാരാളം പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. നമ്മുടെ തബ്‌ലീഗ് പ്രവർത്തങ്ങളുടെ അടിസ്ഥാനവും ഈ കാര്യങ്ങൾ തന്നെയാണ്. ഒരു സ്ഥലത്ത് അദ്ദേഹം പറയുന്നു: 'സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദിക്കും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്തെന്നാൽ നീണ്ട കാലമായി അന്ധകാരത്തിലും കുഫ്റിലും വഴികേടിലും അകപ്പെട്ടിരിക്കുന്ന പാശ്ചാത്യ രാജ്യങ്ങൾ സത്യത്തിന്റെ സൂര്യനാൽ പ്രഭാമയമാകും എന്നാണ്.'

തന്റെ ഒരു സ്വപ്നം വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ' ഞാൻ ലണ്ടൻ പട്ടണത്തിൽ ഒരു മിമ്പറിൽ നിന്ന് കൊണ്ട് ഇംഗ്ലീഷ് ഭാഷയിൽ വളരെ ആധികാരികതയോടെ ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തെ കുറിച്ച് വിവരിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ശേഷം ചെറിയ മരങ്ങളിൽ ഇരുന്നിരുന്ന ധാരാളം വെളുത്ത നിറമുള്ള പക്ഷികളെ പിടിക്കുന്നു. ഈ സ്വപ്നത്തെ നാം ഇപ്രകാരം വ്യാഖാനിക്കുന്നു, നാം അല്ലെങ്കിൽ നമ്മുടെ ലിഖിതങ്ങൾ അവരിൽ പ്രചരിക്കുന്നതായിരിക്കും. അങ്ങനെ ധാരാളം പാശ്ചാത്യർ സത്യത്തിന് വിധേയരായി മാറുന്നതായിരിക്കും''.

ചൗധരി ഫതഹ് മുഹമ്മദ് സിയാൽ സാഹിബ് ഇംഗ്ലണ്ടിലേക്ക് അയക്കപ്പെട്ട ആദ്യത്തെ മുബല്ലിഗ് ആണ്. അല്ലാഹു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് നല്കിയ ആദ്യത്തെ ഫലം ഒരു പ്രത്രപ്രവർത്തകനായ മിസ്റ്റർ കോറിയോ എന്ന വ്യക്തിയായിരുന്നു. ഇദ്ദേഹമാണ് ആദ്യത്തെ അഹ്മദി. അതിന് ശേഷം ഡസൻ കണക്കിന് ആളുകൾ ജമാഅത്തിൽ പ്രവേശിച്ചു. പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഫതഹ് മുഹമ്മദ് സിയാൽ(റ)നെ തിരിച്ച് വിളിക്കുകയും ഖാളി അബ്ദുല്ലാഹ് സാഹിബ്(റ)നെ മുബല്ലിഗ് ആയി അയക്കുകയും ചെയ്തു. ഇദ്ദേഹവും സഹാബി ആയിരുന്നു. ഇദ്ദേഹം ഒന്നാം ലോക മഹായുദ്ധകാലത്ത് ഇവിടെ ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഒരു വീട് വാടകക്ക് എടുത്തു. 1917 മുതൽ ജനുവരി 1920 വരെ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ഉം ഇവിടെ മുബല്ലിഗ് ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1919ൽ ചൗധരി ഫതഹ് മുഹമ്മദ് സിയാൽ(റ)നെ വീണ്ടും അബ്ദുറഹീം നയ്യർ(റ)നെയും ഇവിടേക്ക് മുബല്ലിഗ് ആയി അയക്കുകയുണ്ടായി. ഇവർ ഇവിടെ നിസ്വാർത്ഥരായി പരിശ്രമിച്ചു. 1920ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഫതഹ് മുഹമ്മദ് സിയാൽ സാഹിബിനോട് ഇംഗ്ലണ്ടിൽ മസ്ജിദ് നിർമ്മിക്കാൻ വേണ്ടി ഒരു സ്ഥലം വാങ്ങാൻ നിർദേശിച്ചു. അങ്ങനെ രണ്ടായിരത്തി ഇരുന്നൂറു പൗണ്ടിലധികം ചിലവിട്ട് പട്നി എന്ന സ്ഥലത്ത് ഈ സ്ഥലം വാങ്ങുകയുണ്ടായി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന് സ്ഥലം വാങ്ങി എന്ന വിവരം ലഭിച്ചപ്പോൾ അദ്ദേഹം ഡൽഹൌസി എന്ന സ്ഥലത്തായിരുന്നു. അദ്ദേഹം അവിടെ ഒരു വമ്പിച്ച പരിപാടി സംഘടിപ്പിക്കുകയും മസ്ജിദിന് മസ്ജിദ് ഫസ്ൽ എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഈ മസ്ജിദിന്റെ നിർമ്മാണത്തിനായി ചന്ദ നൽകാൻ ആഹ്വാനം ചെയ്തു. 1924ൽ വേമ്പിളി സർവമത സമ്മേളനത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിച്ച് സംസാരിക്കാൻ അബ്ദുറഹീം നയ്യർ സാഹിബ്(റ)നെ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം ഈ വിവരം ഖാദിയാനിൽ അറിയിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ ക്ഷണം സ്വീകരിച്ചുകൊണ്ട് ഇസ്‌ലാമിന്റെ മനോഹാരിത വിവരിച്ചുകൊണ്ട് ഒരു പുസ്തകം രചിക്കുകയുണ്ടായി. അത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

ഈ സർവമത സമ്മേളനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്വയം തന്നെ ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് തീരുമാനിക്കപ്പെട്ടു. അങ്ങനെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഡമാസ്കസ്, ഈജിപ്റ്റ്, ഇറ്റലി, സ്വിറ്റ്സർലാൻഡ്, ഫ്രാൻസ് എന്നീ രാജ്യങ്ങളിലൂടെ യാത്ര ചെയ്ത് 24 ആഗസ്റ്റ് 1924ന് ഇംഗ്ലണ്ടിൽ എത്തിച്ചേർന്നു. ഇവിടെ അദ്ദേഹം സെൻറ് പോളിന്റെ ചർച്ചിന് മുന്നിൽ നിന്ന് അല്ലാഹുവിനോട് ഇസ്‌ലാമിന്റെ വിജയത്തിന് വേണ്ടി ദുആ ചെയ്തു. അതിന് ശേഷം അദ്ദേഹം ലണ്ടൻ നഗരത്തിൽ പ്രവേശിച്ചു. പല കാരണങ്ങൾ കൊണ്ട് അദ്ദേഹത്തിന്റെ ആഗമനത്തെ കുറിച്ചുള്ള ധാരാളം വാർത്തകൾ പ്രസിദ്ധീകരിക്കപ്പെട്ടു.

മസ്ജിദിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പണം സ്വരൂപിക്കുക എന്നതായിരുന്നു ആദ്യത്തെ ഘട്ടം. അതിനെ തരണം ചെയ്തത് എങ്ങനെയായിരുന്നു എന്നാൽ ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം പൗണ്ടിന്റെ മൂല്യം കുറഞ്ഞുവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഈ അവസരത്തിൽ 1920ൽ മുസ്‌ലിഹ് മൗഊദ്(റ) ആദ്യഘട്ടത്തിൽ മുപ്പതിനായിരം രൂപയും പിന്നീട് ഒരു ലക്ഷം രൂപയും സ്വരൂപിക്കാൻ നിർദേശം നൽകി. ജമാഅത്തിലെ സഹോദരങ്ങൾ ഈ നിർദേശത്തെ ശിരസ്സാവഹിച്ചുകൊണ്ട് ലബ്ബൈക് പറഞ്ഞു. ബാങ്ക് ഓഫ് ഇന്ത്യ വഴി ഈ പണം ഇംഗ്ലണ്ടിലേക്ക് അയച്ചു. ഈ തുക കൊണ്ട് മൂവ്വായിരത്തി നാനൂറ്റി അറുപത്തിയെട്ടു പൗണ്ട് വാങ്ങി. അങ്ങനെ 1924 ഒക്ടോബർ 19ന് ഈ മസ്ജിദിന് തറക്കല്ലിട്ടു.

ഈ പരിപാടിയിൽ പങ്കെടുക്കുന്നതിനായി പാർല

മെന്റ് മെമ്പർമാർ, നേതാക്കന്മാർ, രാഷ്ട്രീയക്കാർ, വിവിധ രാജ്യങ്ങളുടെ പ്രതിനിധികൾ എന്നിവർക്ക് ക്ഷണക്കത്ത് അയച്ചിരുന്നു. സമയം വളരെ കുറവായിരുന്നതിനാൽ അധികം ആളുകൾ പങ്കെടുക്കില്ല എന്നായിരുന്നു കരുതപ്പെട്ടത്. എന്നാൽ ധാരാളം അതിഥികൾ പങ്കെടുക്കുകയുണ്ടായി. പല രാജ്യങ്ങളുടെ പ്രതിനിധികളും ഈ പരിപാടിയിൽ പങ്കെടുത്തു. ഇത്തരത്തിൽ ഈ പരിപാടി വിജയകരമായി. തറക്കല്ലിടുന്ന പരിപാടിയിൽ ആദ്യം ഹദ്റത്ത് ഹാഫിസ് റോഷൻ അലി സാഹിബ്(റ) വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. തുടർന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) പ്രഭാഷണം നിർവഹിച്ചു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'വിശുദ്ധ ഖുർആനിൽ നിന്നും നബിതിരുമേനി(സ)യുടെ ചര്യയിൽ നിന്നും മനസ്സിലാകുന്നത് എന്തെന്നാൽ ഇസ്‌ലാമിക മസ്ജിദിന്റെ കവാടങ്ങൾ ദൈവത്തെ ആരാധിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും വേണ്ടി തുറന്നിരിക്കുന്നതാണ്. ഇസ്‌ലാമിന്റെ പള്ളികൾ വിവിധ മതങ്ങളെ ഒരുമിപ്പിക്കുന്നതിനുള്ള കേന്ദ്രബിന്ദുവാണ്. ഈ വികാരങ്ങളെ ഉൾക്കൊണ്ടാണ് ഞങ്ങൾ, അഥവാ ജമാഅത്ത് അഹ്മദിയ്യ ഈ പള്ളി ഇവിടെ നിർമ്മിക്കണമെന്ന് തീരുമാനിച്ചത്. ഈ പള്ളിയുടെ തറക്കല്ലിടുന്നതിന് മുൻപ് ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ മസ്ജിദ് സർവശക്തനായ ദൈവത്തെ ആരാധിക്കാൻ വേണ്ടി മാത്രമാണ് നിർമ്മിക്കപ്പെടുന്നത്.'

തറക്കല്ലിട്ട് രണ്ടു വർഷങ്ങൾക്ക് ശേഷം ഈ മസ്ജിദിന്റെ ഉദ്ഘാടനവും നടന്നു. മസ്ജിദിന്റെ ഉദ്ഘാടനത്തിനായി ഫൈസൽ രാജകുമാരനായിരുന്നു വരേണ്ടിയിരുന്നത്. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തോട് ഉദ്ഘാടനത്തിനായി പോകണം എന്ന് പറഞ്ഞിരുന്നു. എന്നാൽ മുസ്‌ലിങ്ങളുടെ പ്രതിഷേധം കാരണം രാജാവ് അദ്ദേഹത്തെ തടയുകയായിരുന്നു. അങ്ങനെ ഷെയ്ഖ് അബ്ദുൽ ഖാദിർ സാഹിബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു. അദ്ദേഹം വളരെ വ്യക്തമായി ഇപ്രകാരം പറഞ്ഞു: 'ഞാൻ അഹ്മദിയല്ല. എങ്കിലും നമ്മൾ ഇസ്‌ലാമിനെ സേവിക്കാൻ ആഗ്രഹിക്കുന്നുവരാണ്. അതിനാൽ പരസ്പര അഭിപ്രായവ്യത്യാസങ്ങളെ മറന്ന് അന്യോന്യം സഹായിക്കേണ്ടതാണ്.' ഷെയ്ഖ് അബ്ദുൽ ഖാദിർ സാഹിബിന്റെ ധൈര്യവും ഹൃദയവിശാലതയുമായുമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. അല്ലാഹു അദ്ദേഹത്തിന് അതിനുള്ള പ്രതിഫലം നല്കുമാറാകട്ടെ.

മസ്ജിദ് ഫസലിന്റെ ചരിത്രം ഞാൻ ചുരുക്കി വിവരിച്ചതാണ്. ഈ മസ്ജിദിൽ നിന്ന് തന്നെയാണ് പിന്നീട് പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശം എത്തിയത്.

ഇന്ന് നാം ഈ മസ്ജിദിന്റെ നൂറു വർഷം പൂർത്തിയായ പരിപാടി നടത്തുകയാണ്. എന്നാൽ ഇത് ഭൗതികമായ പരിപാടിയല്ല. മസ്ജിദ് എന്നുള്ളത് എല്ലാവരും ഒത്തുകൂടി അല്ലാഹുവിനെ ആരാധിക്കുകയും പരസ്പരം കടമകൾ നിറവേറ്റുകയും ചെയ്യേണ്ടുന്ന സ്ഥലമാണ്. തങ്ങളുടെ ആത്മീയ ധാർമ്മിക അവസ്ഥകൾ ഉയർച്ചയിലേക്ക് എത്തിക്കുക.

നാം അല്ലാഹുവിനെ യഥാവിധിയിൽ ആരാധിക്കുന്നവരായി മാറുന്നതിന് വേണ്ടി നാം പരിശ്രമിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ കലാപനകൾക്കനുസരിച്ച് വർത്തിക്കേണ്ടതുണ്ട്. അവന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരായി മാറുക. ഇപ്രകാരം ചെയ്താൽ മാത്രമേ നമുക്ക് ഈ ലോകത്തെ സമാധാനഗേഹമാക്കാൻ കഴിയുകയുള്ളു. അല്ലാഹു നമുക്ക് ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 18-10-2024
Malayalam Translation: **Moulavi H.Shamsuddin** Layout: **Moulavi P.M.Waseem Ahmad Shahid**
For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516